# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC NO:9266/2016/S**

**ദേവസ്വം കമ്മീഷണർ ഓഫീസ്**
**തിരുവനന്തപുരം**
**20/06/2025**

## വിജ്ഞാപനം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കോട്ടയം ഗ്രൂപ്പിൽപ്പെട്ട **തിരുവാർപ്പ്** ദേവസ്വത്തിൽ **2025-2026 (കൊല്ല വർഷം 1201 ചിങ്ങം 1 മുതൽ 1201 കർക്കിടകം 31 വരെ)** കാലയളവിലേയ്ക്ക് മേൽശാന്തിമാരെ നിയമിക്കുന്നതിലേയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ച് കൊള്ളുന്നു.

സൂര്യദേവന്റെ അയനങ്ങൾക്കനുസരിച്ച് നിത്യപൂജയും, വിശിഷ്ട ങ്ങളായ പൂജാത്രയങ്ങളും വ്യവസ്ഥ ചെയ്തിട്ടുള്ള അടിയന്തിര ക്ഷേത്ര മായ തിരുവാർപ്പ് ദേവസ്വത്തിലെ മേൽശാന്തിമാർ കോട്ടയം ജില്ലയിൽ പ്പെട്ട കുമാരനല്ലൂർ, കിടങ്ങൂർ, കാടമുറി, ഓണംതുരുത്ത് എന്നീ ഗ്രാമങ്ങ ളിൽ ജനിച്ചവരും, പൂജാ/താന്ത്രിക കർമ്മങ്ങൾ അഭ്യസിച്ചിട്ടുള്ളവരുമായ മലയാള ബ്രാഹ്മണരായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതനുസ രിച്ച് ടി ക്ഷേത്രത്തിൽ മേൽശാന്തിമാരായി (പുറപ്പെടാ ശാന്തി) നിയമനം നടത്തുന്നതിലേയ്ക്ക് ടി ഗ്രാമങ്ങളിൽ ജനിച്ച പത്താം ക്ളാസ് പാസ്സായ മേൽ വിവരിച്ച യോഗ്യതകൾ ഉള്ളവരിൽ നിന്നും, ഇതര ബോർഡുകളു ടെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ശാന്തി ജോലി നോക്കി വരുന്ന ടി ഗ്രാമങ്ങളിൽ ജനിച്ച മലയാള ബ്രാഹ്മണരായ ശാന്തിക്കാരിൽ നിന്നും, ടി ദേവസ്വത്തിലേയ്ക്ക് അവരോധം കഴിച്ചിട്ടുള്ള ശാന്തിക്കാരിൽ നിന്നും ലഭ്യമാകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ കൂടിക്കാഴ്ചയും, പ്രായോഗിക പരിജ്ഞാന പരിശോധനയും നടത്തി യോഗ്യരായവരുടെ ലിസ്റ്റ് തയ്യാറാക്കി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്. അപേക്ഷകന് കൊല്ലവർഷം **1200** കർക്കടക മാസം **1**-ാം തീയതി **30** വയസ്സ് പൂർത്തിയായിരിക്കേണ്ടതും **60** വയസ്സ് കവിയാൻ പാടില്ലാത്തതു

മാണ്. പൊതുജനങ്ങൾക്ക് ആരാധനയ്ക്ക് അവസരമുള്ള രണ്ട് നേരം നട തുറന്ന് പൂജ കഴിക്കുന്നതും അഞ്ച്പൂജ വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ ക്ഷേത്രങ്ങളിൽ കുറഞ്ഞത് മൂന്ന് വർഷം ശാന്തി ജോലി പൂർത്തീകരിച്ചിട്ടുള്ളവരും യാതൊരുവിധ ശിക്ഷണ നടപടിയ്ക്ക് വിധേയരാകാത്തവരും, ക്രിമിനൽ കേസിൽ ഉൾപ്പെടാത്തവരും, സമൂഹത്തിൽ അംഗീകാരം ഉള്ളവരും, പുറപ്പെടാ ശാന്തിയായി ജോലി നോക്കുവാൻ താൽപര്യമുള്ളവരും ആയിരിക്കണം

പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം **05.07.2025**-ന് വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി ഈ ഓഫീസിൽ ലഭിക്കത്തക്ക വിധത്തിൽ കവറിന് മുകളിൽ "**തിരുവാർപ്പ് ദേവസ്വം മേൽശാന്തി നിയമനത്തിനുള്ള അപേക്ഷ**" എന്ന് രേഖപ്പെടുത്തി **ദേവസ്വം കമ്മീഷണർ, തിരുവിതാകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം-3** എന്ന് രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ലായെന്നും അപൂർണ്ണമായതും ന്യൂനതയുള്ളതുമായ അപേക്ഷകൾ മുന്നറിയിപ്പില്ലാതെ നിരസിക്കുന്നതാണെന്നും ഉള്ള വിവരവും അറിയിക്കുന്നു.

**ദേവസ്വം കമ്മീഷണർ (ഇൻ-ചാർജ്ജ്)**
**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(P&SGRC)**

**RA 20/06**

## കോട്ടയം ഗ്രൂപ്പിൽപ്പെട്ട തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങൾ

1. സേവനകാലം എല്ലാ മലയാള വർഷം **ചിങ്ങം 1** മുതൽ **കർക്കിടകം 31** വരെയായിരിക്കും.
2. അപേക്ഷാഫീസ് **1000/-** രൂപയായി നിജപ്പെടുത്തിയിട്ടുള്ളതാണ്.
3. **ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ക്ഷേത്രം തന്ത്രിമാർ** എന്നിവരുടെ നേതൃത്വത്തിൽ കൂടിക്കാഴ്ച, പ്രായോഗിക പരിജ്ഞാനം സംബന്ധിച്ച പരിശോധന എന്നിവ നടത്തി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്.
4. അഭിമുഖം തിരുനക്കര ദേവസ്വം ഗസ്റ്റ് ഹൗസിൽ വച്ചും പ്രയോഗിക പരിജ്ഞാനം സംബന്ധിച്ച പരിശോധന തിരുനക്കര ദേവസ്വത്തിൽ വച്ചും നടത്തുന്നതാണ്.
5. എല്ലാവർഷവും **ആഗസ്റ്റ് 5**-ാം തീയതി നറുക്കെടുപ്പ് നടത്തുന്നതാണ്. അന്നേദിവസം പന്തീരടി പൂജയ്ക്ക്/ഉച്ചപൂജയ്ക്ക് നറുക്കെടുപ്പ് ക്ഷേത്രം തന്ത്രിയുടെ കാർമ്മികത്വത്തിൽ ദേവസ്വം അധികാരികളുടെ സാന്നിധ്യത്തിൽ നടത്തുന്നതാണ്.
6. ചിങ്ങരവി സംക്രമനാളിൽ അവരോധം നടത്തേണ്ടതും, ചിങ്ങരവി സംക്രമനാൾ ചിങ്ങം **1**-ന് വരുന്ന പക്ഷം ആയത് കർക്കിടക മാസത്തെ അവസാന നാളിൽ നടത്തുന്നതുമാണ്.
7. മേൽശാന്തിയായി തെരഞ്ഞെടുക്കപ്പെടുന്നയാൾ തിരുവാർപ്പ് ക്ഷേത്രപരിസരത്ത് സേവനകാലം മുഴുവൻ പുറപ്പെടാശാന്തിയായി താമസിക്കേണ്ടതാണ്. താമസസൗകര്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏർപ്പെടുത്തുന്നതായിരിക്കും
8. **25,000/-** രൂപ സെക്യൂരിറ്റി തുകയായി നിശ്ചയിച്ചിട്ടുണ്ട്.
9. പ്രതിമാസ ശമ്പളം **30,000/-** രൂപയും ഉത്സവബത്തയും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

10. ക്ഷേത്രത്തിലെ ആട്ടവിശേഷം/തിരുവുത്സവം തുടങ്ങി മേൽ ശാന്തിയുടെ ചുമതലയിൽ നടത്തണമെന്ന് പതിവിൽ/ദേവസ്വം മാനുവലിൽ മേൽശാന്തിമാരുടെ ചുമതലകൾ സംബന്ധിച്ച് / വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾ എല്ലാം തന്നെ ടിയാന്റെ പരിപൂർണ്ണമായ ഉത്തരവാദിത്ത്വത്തിൽ നടത്തേണ്ടതാണ്.

**ദേവസ്വം കമ്മീഷണർ (ഇൻ-ചാർജ്ജ്)**
**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(P&SGRC)**

## കോട്ടയം ഗ്രൂപ്പിൽപ്പെട്ട തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ

1. അപേക്ഷകൻ കേരളത്തിൽ ജനിച്ചയാളും, കേരളീയാചാരപ്രകാരം പൂജ/ താന്ത്രിക കർമ്മങ്ങൾ അഭ്യസിച്ചിട്ടുള്ളയാളും മലയാള ബ്രാഹ്മണനും ആയിരിക്കണം.
2. അപേക്ഷകന് കൊല്ലവർഷം **1200** കർക്കിടക മാസം **1**-ാം തീയതി **30** വയസ്സ് പൂർത്തിയായിരിക്കേണ്ടതും **60** വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്.
3. അപേക്ഷകൻ **S S L C** പാസ്സായിരിക്കണം.
4. അപേക്ഷകൻ അപേക്ഷാ തീയതിയിൽ, രണ്ടുനേരം നട തുറക്കുന്നതും അഞ്ചുപൂജയുള്ളതും, ഭക്തജനങ്ങൾക്ക് ദർശനത്തിനു അവസരം നൽകുന്നതുമായ ക്ഷേത്രത്തിലോ/ ക്ഷേത്രങ്ങളിലോ **3** വർഷത്തെ തുടർച്ചയായ ശാന്തി സർവ്വീസ് ഉള്ള വ്യക്തിയായിരിക്കണം. ബന്ധുക്കളുടെ ശവസംസ്കാരക്രിയകൾ പോലുള്ള കാര്യങ്ങൾക്കായി താൽക്കാലികമായി ജോലിയിൽ നിന്നും വിട്ടു നിൽക്കേണ്ടി വരുന്ന കാലയളവ്, സ്ഥലം മാറ്റത്തേയോ പുതിയ നിയമനത്തേയോ തുടർന്നു സർവ്വീസിൽ ഉണ്ടാകുന്ന താൽക്കാലിക വിരാമം എന്നിവ തുടർച്ചയായ സർവ്വീസ് കണക്കാക്കുമ്പോൾ വിട്ടുനിന്നകാലയളവായി കണക്കാക്കുന്നതല്ല. കൂടാതെ മാസം മാറാടി വ്യവസ്ഥയിൽ മേൽശാന്തിയായും കീഴ്ശാന്തിയായും ജോലി നോക്കിവരുന്ന ശാന്തിക്കാരുടെ കീഴ്ശാന്തിയായി ജോലി നോക്കിയ കാലയളവ് പരിഗണിക്കുന്നതാണ്.
5. അപേക്ഷകൻ സമൂഹത്തിൽ അംഗീകാരമുള്ള വ്യക്തിയായിരിക്കണം. സദാചാര വിരുദ്ധ നടപടികൾ ഉള്ള വ്യക്തിയായിരിക്കുവാൻ പാടില്ലാത്തതാണ്.
6. ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ടവർക്കും സംശയത്തിന്റെ ആനുകൂല്യത്താൽ വെറുതെ വിട്ടവർക്കും അപേക്ഷ അയയ്ക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
7. അംഗവൈകല്യം ഉള്ളവർ അപേക്ഷിക്കുവാൻ പാടില്ലാത്തതാണ്.
8. അപേക്ഷാഫീസ് **1000/-** രൂപയായിരിക്കും.

9. അപേക്ഷകൻ പൂർണ്ണമായും ശാന്തി ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയായിരിക്കണം. സർക്കാർ/അർദ്ധസർക്കാർ/ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി നോക്കുന്നവർക്കോ, ബിസിനസ്സിലോ മറ്റു തൊഴിലുകളിലോ ഏർപ്പെട്ടിരിക്കുന്നവർക്കോ അപേക്ഷ സമർപ്പിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

10. സംസ്കൃത ഭാഷയിലുള്ള അറിവ് അഭിലഷണീയമാണ്. തിരുവാർപ്പ് ക്ഷേത്രത്തിലെ പ്രതിഷ്ഠാ സങ്കൽപ്പങ്ങളിലും, ആചാരാനുഷ്ഠാനങ്ങളിലും അറിവുണ്ടെന്നുള്ളതിന് ക്ഷേത്രം തന്ത്രിയുടെ സാക്ഷ്യപത്രം ഹാജരാക്കിയിരിക്കണം. വൈഷ്ണവ സമ്പ്രദായത്തിലുള്ള ആഗമശാസ്ത്ര വിധികളിലും, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട തന്ത്രശാസ്ത്ര പ്രകാരമുള്ള ആരാധനാക്രമങ്ങളിലും തികഞ്ഞ അവഗാഹമുണ്ടായിരിക്കണം. വേദ മന്ത്രോച്ചാരണത്തിൽ സ്ഫുടതയും, അക്ഷരശുദ്ധിയും അർത്ഥബോധവും ഉള്ളവരായിരിക്കണം.

11. അപേക്ഷയോടൊപ്പം അപേക്ഷകൻ മലയാള ബ്രാഹ്മണനാണെന്ന് തെളിയിക്കുന്നതിനുള്ള വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, കുമാരനല്ലൂർ, കിടങ്ങൂർ, കാടമുറി, ഓണംതുരുത്ത് എന്നീ ഗ്രാമങ്ങളിൽ ജനിച്ചവരാണെന്ന് തെളിയിക്കുന്നതിനുള്ള തഹസിൽദാരുടെ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്നതിനുള്ള സ്കൂൾ സർട്ടിഫിക്കറ്റ്/ ജനനസർട്ടിഫിക്കറ്റ്, ശാന്തിജോലി നോക്കിയ ക്ഷേത്രത്തിലെ/ക്ഷേത്രങ്ങളിലെ ബന്ധപ്പെട്ട അധികാരിയുടെ (പൂർണ്ണമായ പേരും, മേൽവിലാസവും, ഫോൺ നമ്പരും രേഖപ്പെടുത്തി) സർട്ടിഫിക്കറ്റ്, ക്രിമിനൽ കേസ്സിൽ ശിക്ഷിക്കപ്പെട്ടിട്ടില്ലായെന്നുള്ളതിനും, സംശയത്തിന്റെ ആനുകൂല്യത്താൽ വെറുതെ വിട്ടിട്ടില്ലായെന്നുള്ളതിനും സർക്കിൾ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ്, ഗവൺമെന്റ് സർവ്വീസിലുള്ള സിവിൽ സർജൻ ഗ്രേഡ്-1/ അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത ഡോക്ടറുടെ മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, എന്നിവയുടെ പകർപ്പുകളും ദേവസ്വം കമ്മീഷണറുടെ പേരിൽ ധനലക്ഷ്മി ബാങ്കിന്റെ നന്തൻകോട് ശാഖയിൽ മാറാവുന്ന **1000**/- രൂപയുടെ ക്രോസ് ചെയ്ത ഡി.ഡിയും ചേർത്തിരിക്കേണ്ടതാണ്.

12. മേൽശാന്തിയായി തെരഞ്ഞെടുക്കപ്പെടുന്നയാൾ തിരുവാർപ്പ് ക്ഷേത്ര പരിസരത്ത് സേവനകാലം മുഴുവൻ പുറപ്പെടാശാന്തിയായി താമസിക്കേണ്ടതാണ്. താമസസൗകര്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏർപ്പെടുത്തുന്നതായിരിക്കും

13.മേൽശാന്തിയായി തെരഞ്ഞെടുക്കപ്പെടുന്ന ആൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിശ്ചയിച്ചിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ അംഗീകരിച്ച് ദേവസ്വം കമ്മീഷണറുടെ പേർക്ക് ബോണ്ടുവയ്ക്കേണ്ടതും ദേവസ്വം ബോർഡ് നിശ്ചയിച്ചിട്ടുള്ള സെക്യൂരിറ്റി തുക **(25,000/-രൂപ)** അടയ്ക്കേണ്ടതുമാണ്.ബോണ്ടിലെ വ്യവസ്ഥകൾ സേവനകാലം മുഴുവനും ബാധകമായിരിക്കും. മേൽശാന്തിമാരുടെ നിയമനാധികാരി ദേവസ്വം കമ്മീഷണർ ആയിരിക്കും.

Indukumari

**ദേവസ്വം കമ്മീഷണർ (ഇൻ-ചാർജ്ജ്)**
**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(P&SGRC)**

Affix Recent Passport size photo

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം-695003,0471-2314288, dcotdb@gmail.com

## തിരുവാർപ്പ് ക്ഷേത്രത്തിലെ കൊല്ലവർഷം 1201- മേൽശാന്തി നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷാഫാറം

1. അപേക്ഷകന്റെ പൂർണ്ണമായ പേര്

2. സ്ഥിരമായ മേൽവിലാസം

| | |
|---|---|
| വീട്ടുപേര് | |
| വീട്ടുനമ്പർ, വാർഡ് നമ്പർ പഞ്ചായത്ത്/മുൻസിപ്പാലിറ്റി കോർപ്പേറേഷൻ | |
| പോസ്റ്റ് ഓഫീസ്/പിൻകോട് | |
| ദേശം,കര,വില്ലേജ്, താലൂക്ക്, ജില്ല | |
| ലാന്റ് ഫോൺ നമ്പർ (STD) കോഡ് അടക്കം) | |
| മൊബൈൽ നമ്പർ | |

3. അപേക്ഷകന്റെ പിതാവിന്റെ പേര്

4. വയസ്സും, ജനനതീയതിയും

5. വയസ്സ്/ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ വിവരം

6. വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ വിവരം

| നം | യോഗ്യത | രജിസ്റ്റർ നമ്പർ | പാസായ വർഷം |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |

7. അപേക്ഷകന് പൂജാകാര്യങ്ങളിലുള്ള കഴിവിനെകുറിച്ച് ജോലി നോക്കിയ ക്ഷേത്രം/ ക്ഷേത്രങ്ങളിലെ തന്ത്രിയുടെ സർട്ടിഫിക്കറ്റിന്റെ വിവരം

| |
|---|
| |

8. അപേക്ഷകന് 3 വർഷത്തെ തുടർച്ചയായ മേൽശാന്തി സർവ്വീസ് ഉണ്ടെന്നതിന് ജോലിനോക്കിയ ക്ഷേത്രം/ ക്ഷേത്രങ്ങളിലെ ഭരണാധികാരി നൽകിയ പരിചയ സർട്ടിഫിക്കറ്റിന്റെ വിവരം

| |
|---|
| |

9. അപേക്ഷകൻ ക്രിമിനൽ കേസ്സിൽ ഉൾപ്പെടുകയോ. ശിക്ഷിക്കപ്പെടുകയോ സംശയത്തിന്റെ ആനുകൂല്യത്തിൽ വെറുതോ വിടുകയോ ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദ വിവരം.

| |
|---|
| |

10.. അപേക്ഷകൻ ക്രിമിനൽ കേസ്സിൽ ഉൾപ്പെടുകയോ. ശിക്ഷിക്കപ്പെടുകയോ സംശയത്തിന്റെ ആനുകൂല്യത്തിൽ വെറുതോ വിടുകയോ ചെയ്തിട്ടില്ല എന്നുള്ളതിന് ബന്ധപ്പെട്ട പോലീസ് അധികാരിയുടെ സർട്ടിഫിക്കറ്റ്.

| |
|---|
| |

11. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ജോലി നോക്കിയിട്ടുണ്ടോ?ഉള്ള പക്ഷം ആയത് സംബന്ധിച്ചുള്ള വിവരം

| |
|---|
| |

12. ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ടിട്ടുണ്ടോ? ദേവസ്വം ബോർഡിൽ എതെങ്കിലും ശിക്ഷണ നടപടിയ്ക്ക് വിധേയനായിട്ടുണ്ടോ?

| |
|---|
| |

13. അപേക്ഷകൻ കുമാരനല്ലൂർ, കിടങ്ങൂർ, കാടമുറി, ഓണം തുരുത്ത് എന്നീ ഗ്രാമങ്ങളിൽ ജനിച്ച മലയാള ബ്രാഹ്മണനാണെന്ന് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട തഹസിൽദാറുടെ സർട്ടിഫിക്കറ്റ്

| |
|---|
| |

14. മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിന്റെ വിവരം (ഗവൺമെന്റ് സർവ്വീസിലുള്ള സർജൻ ഗ്രേഡ്-1/അസിസ്റ്റന്റ് പ്രൊഫസർ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റ് )

| |
|---|
| |

15.ഡിമാന്റ് ഡ്രാഫ്റ്റിന്റെ വിശദാംശങ്ങൾ

| | | | |
|---|---|---|---|
| ഡി.ഡി. നമ്പർ | | തീയതി | |
| ബാങ്ക് | | ബ്രാഞ്ച് | |

<u>സത്യവാങ്ങ്മൂലം</u>

ഈ അപേക്ഷയിൽ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണ്. വിജ്ഞാപനത്തിലെ നിബന്ധനകൾ പൂർണ്ണമായി ബോധ്യപ്പെട്ട് ഞാൻ അംഗീകരിക്കുന്നു. എല്ലാ രേഖകളും ഇതോടൊപ്പം ചേർത്തിരിക്കുന്നു.

സ്ഥലം — അപേക്ഷന്റെ ഒപ്പ്

തീയതി — പേര്